(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ.)

ശ്രീ. ടി. ശിവദാസമേനോൻ : അവരുടെ സംഘടനാ പ്രതിനിധികളേയും സ്റ്റേറ്റ് ഗവൺമെന്റിന്റെ നാഷണൽ സേവിംഗ്സ് ഡയറക്ടറേയും അതുപോലെ കേന്ദ്ര ഗവൺമെന്റിലെ ഉദ്യോഗസ്ഥന്മാരേയും ഉൾപ്പെടുത്തി ഒരു കോ-ഓർഡിനേഷൻ, സ്റ്റാന്റിംഗ് കമ്മിറ്റിയാണ് അവർ ഉദ്ദേശിക്കുന്നതെന്ന് തോന്നുന്നു. അങ്ങനെയുള്ള ഒരു കമ്മിറ്റിയുടെ കാര്യം ഗവൺമെന്റ് പരിശോധിക്കാം. കാരണം സംഘടന എന്നു പറഞ്ഞാൽ കുറെയുണ്ട്. അപ്പോൾ പത്ത്, ആയിരം ആളുകൾ ഇരുന്ന് ചർച്ചചെയ്താൽ ഇത് നടക്കുകയില്ല. അതുകൊണ്ട് ആ കാര്യത്തിൽ ഒരു സ്റ്റാന്റിംഗ് കമ്മിറ്റി ആവശ്യമാണോയെന്ന് ഗവൺമെന്റ് പരിശോധിക്കട്ടെ. ആ നിർദ്ദേശം ബഹുമാനപ്പെട്ട മെമ്പർ വച്ചത് ഗവൺമെന്റ് ഗൗരവമായി പരിശോധനയ്ക്ക് വിധേയമാക്കും.

IV. സബ്മിഷൻ

(1) കാസർഗോഡ് ജില്ലയിലെ വിവിധ വകുപ്പുകളിലെ ഒഴിവുകളിൽ നിയമനം നടത്തേണ്ടത് സംബന്ധിച്ച്

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : കാസർകോഡ് ജില്ലയിൽ വിവിധ സർക്കാർ വകുപ്പുകളിലായി എണ്ണൂറോളം ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തതായി ഔദ്യോഗികമായി വിവരം ലഭിച്ചിട്ടുണ്ട്. ഈ തസ്തികകളിൽ നിയമനം നടത്താതെ ഇപ്പോഴും ഒഴിഞ്ഞുകിടക്കുകയാണ്. സർക്കാർ ഓഫീസുകളിൽ ആവശ്യമായ ജീവനക്കാർ ഇല്ലാതെ ഓഫീസുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നടപടിയുണ്ടാകാൻ വലിയ കാലതാമസം നേരിടുകയാണ്. പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഈ എണ്ണൂറോളം ഒഴിവുകളിൽ നിയമനം നടത്താൻ സത്വര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, സർക്കാർ സർവ്വീസിൽ വിവിധ തസ്തികകളിൽ ഉണ്ടാകുന്ന എല്ലാ ഒഴിവുകളും യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ വകുപ്പിലും ഓരോ വർഷവും ഉണ്ടായേക്കാവുന്ന ഒഴിവുകൾ മുൻകൂട്ടി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്നും റാങ്ക് ലിസ്റ്റ് നിലവിലുള്ള പ്രസ്തുത ലിസ്റ്റിൽ നിന്നും മാത്രമേ നിയമനം നടത്താവൂ എന്നും പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം നടത്തരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മാത്രമല്ല മൂന്നു മാസത്തിൽ കൂടുതൽ കാലം നിലനിൽക്കുന്ന ഒഴിവുകൾ പി.എസ്.സി.യിൽ റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലെങ്കിൽപ്പോലും കർശനമായും റിപ്പോർട്ട് ചെയ്തിരിക്കണം. ഈ നിർദ്ദേശം പാലിക്കാത്ത നിയമനാധികാരികൾക്കെതിരെ കൈക്കൊള്ളുന്ന നടപടികൾ അറിയിക്കാൻ വകുപ്പ് സെക്രട്ടറിമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(2) മംഗലംഡാം-കിഴക്കഞ്ചേരി 1,2 വില്ലേജുകളിലെ കർഷകർക്ക് പട്ടയം നൽകണമെന്ന ആവശ്യം

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, എന്റെ മണ്ഡലത്തിലെ മംഗലംഡാം-കിഴക്കഞ്ചേരി- 1. കിഴക്കഞ്ചേരി- 2 എന്നീ വില്ലേജുകളിലായി ഏതാണ്ട് രണ്ടായിരത്തോളം വരുന്ന മലയോര കർഷകർക്ക് പട്ടയം ലഭിക്കണം എന്നതാണ് ആവശ്യം. 1/1 (എ), 563/3 എന്നീ സർവ്വേ നമ്പറുകളിലായി ഏതാണ്ട് ആറായിരത്തിലധികം ഏക്കർ ഭൂമിക്കാണ് പട്ടയം ലഭിക്കേണ്ടത്. 40 ഉം 50 ഉം വർഷ

LIBRARY ARCHIVES Kerala Legislative Assembly

മായി കൈവശം വച്ചുവരുന്നതും ജന്മിമാരിൽനിന്നും പാട്ടത്തിന് എടുത്ത ഭൂമിക്കുമാണ് പട്ടയം ലഭിക്കേണ്ടത്. റബ്ബർ റീ-പ്ലാന്റ് ചെയ്തു കഴിഞ്ഞു. അവിടെയുള്ള ചമയങ്ങൾ പരിശോധിച്ചാൽ ഭൂമിയുടെ കാലപ്പഴക്കം ബോദ്ധ്യപ്പെടും. ഈ ഭൂമിയിൽ എവിടെയോ മിച്ചഭൂമി ഏതോ ജന്മി സറണ്ടർ ചെയ്തുവെന്ന കാരണം പറഞ്ഞുകൊണ്ട് ഈ ആയിരക്കണക്കിന് കർഷകർക്ക് നീതി നിഷേധിക്കുന്നത്. ഇവരിൽ ചിലർ ലാൻഡ് ബോർഡിൽ അപേക്ഷ നൽകിയപ്പോൾ ഇവരുടെ കൈവശമുള്ള ഭൂമി മിച്ചഭൂമിയല്ലെന്ന് ലാൻഡ് ബോർഡിൽ നിന്നും വിധി വന്നിട്ടുണ്ട്. ആ വിധിയിന്മേൽ ഗവൺമെന്റ് അപ്പീൽ പോവുകയും താൽക്കാലികമായി സ്റ്റേ വാങ്ങുകയും ചെയ്തിരിക്കുകയാണ്. സ്റ്റേ നീക്കി ഇവർക്ക് ഭൂമിക്ക് പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കണം. ഇതുമൂലം പഞ്ചായത്തിനും വില്ലേജിനും ലഭിക്കാനുള്ള കോടിക്കണക്കിന് രൂപയുടെ നികുതി വരുമാനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ കാര്യം ബഹുമാന്യനായ മന്ത്രിക്ക് നേരിട്ട് അറിയാവുന്നതാണ്. അതുകൊണ്ട് ഈ പ്രശ്നത്തിൽ ഗൗരവമായി ഇടപെടണമെന്നും ഈ കൈവശ കൃഷിക്കാർക്ക് നീതി ലഭിക്കുന്നതിനുവേണ്ടി, അവർക്ക് അടിയന്തിരമായി പട്ടയം നൽകുന്ന നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u>): സർ, ഇവിടെ ബഹുമാനപ്പെട്ട ശ്രീ. സി.കെ. രാജേന്ദ്രൻ അവതരിപ്പിച്ച വിഷയം ആ പ്രദേശത്തെ സംബന്ധിച്ച് വളരെ ഗൗരവമായിട്ടുള്ള പ്രശ്നമാണ്. ഞാൻ ശ്രീ. രാജേന്ദ്രനെക്കാൾ കൂടുതൽ ആ വിഷയവുമായി ബന്ധപ്പെട്ടു കൊണ്ടിരിക്കുന്ന ഒരാളാണ്. പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്യുകയാണ്. അതുകൊണ്ട് ശ്രീ. രാജേന്ദ്രൻ അതിൽ ഉൽക്കണ്ഠപ്പെടേണ്ട കാര്യമില്ല. ആ പ്രശ്നത്തിന് പരിഹാരമാകും എന്നുള്ള കാര്യത്തിൽ സംശയമൊന്നുമില്ല. യു.ടി.ടി കമ്പനി പുഴക്കലിടം, നെല്ലിക്കലിടം രാജവംശത്തിന്റെ കൈവശമുള്ള ഭൂമി വിലയ്ക്ക് വാങ്ങുകയും, അവർ കുറേ എസ്റ്റേറ്റുകൾ ഒക്കെയുണ്ടാക്കുകയും ചെയ്തു. അവരുടെ കൈവശമുണ്ടായിരുന്ന മിച്ചഭൂമി എന്ന നിലയിലാണ് 2313.35 ഏക്കർ മിച്ചഭൂമിയായി പ്രഖ്യാപിച്ചത്. പിന്നെ ഒരു 17 ഏക്കർ, അങ്ങനെ 2340 ഏക്കർ അവിടെ മിച്ചഭൂമിയായിട്ട് ഉണ്ട്. പക്ഷെ മിച്ചഭൂമിയായി പ്രഖ്യാപിച്ച് അത് ഏറ്റെടുക്കുന്നതിനു മുമ്പുതന്നെ ഈ ഭൂമിയത്രയും അന്യകൈവശത്തിൽ ആയിരുന്നു. അന്യകൈവശമാണെന്ന് റിക്കോർഡാക്കി അതിനുപകരം ഭൂമി എടുക്കാനുള്ള നടപടികൾ ഒന്നും ആ കാലത്ത് ഉണ്ടായില്ല. അതുകാരണം ഈ കൈവശക്കാർ അതിനുമുമ്പുതന്നെ അവിടെ തുടർന്നുവരികയാണ്. അങ്ങനെ നാൽപ്പതും, അമ്പതും കൊല്ലക്കാലം പഴക്കം ചെന്നവരാണ് അവിടെ താമസിക്കുന്നവരിൽ ഏറിയകൂറും. മിച്ചഭൂമി തർക്കത്തിന്റെ പേരിൽ അവർക്ക് രേഖകൾ കൊടുക്കാൻ പറ്റിയിട്ടില്ല. ചില കേസുകളിൽ ലാന്റ് ബോർഡ് അവർക്കനുകൂലമായി വിധിച്ചു. അതിനെ തുടർന്നുള്ള ചില കേസുകളും പ്രശ്നങ്ങളും ഇപ്പോൾ നിലനിൽക്കുകയാണ്. ആ പ്രശ്നത്തിലൊക്കെ കഴിയുന്നതും വേഗം ഒരു പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിൽ ഗവൺമെന്റ് ഏർപ്പെട്ടിട്ടുണ്ട്. മിച്ചഭൂമിയായി ഗവൺമെന്റ് എടുക്കുന്നതിനു മുമ്പുതന്നെ നാൽപ്പതും അമ്പതും വർഷങ്ങളായി കൈവശമുള്ളവരാണ് ഗവൺമെന്റിന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ അവർക്ക് കൈവശഭൂമിക്ക് പട്ടയം നൽകുന്നതിനാവശ്യമായ നടപടികൾ കഴിയുന്നതും വേഗം എടുക്കണമെന്ന നിലയിൽ അതിന്റെ നിയമപരമായ സാദ്ധ്യതകൾ പരിശോധിച്ച് ഒട്ടും കാലതാമസമില്ലാതെ ആ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. കഴിയുന്നതും വേഗം പരിഹാരം ഉണ്ടാക്കും എന്ന് ഞാൻ ഉറപ്പുപറയുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly